# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 15 THE ONLINE OFFICIAL NEWS BULLETIN 2023 April 15


## SEASON OF RESURRECTION | ഉയിർപ്പുകാലം | ܥܕܢܐ ܕܩܝܡܬܐ

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
| --- | --- | --- | --- | --- | --- | --- |
| **16** New (Thomas) Sunday Faith Declaration Sunday (Faith of St. Thomas - My Lord & My God) 331st Mem. of Mar Thoma II ✠ (Niranam Valiya Palli) 201st Mem. of Mar Thoma VIII ✠ (Puthencavu) ♪ 8 1 | **17** 72nd Mem. of "Catholicatente Ratnadeepam" Geevarghese Mar Philexinos ✠ (Puthencavu) ♪ 5 | **18** ♪ 1 | **19** ♪ 5 | **20** ♪ 1 | **21** Comme. of Mawdyane 229th Memorial Yuhanon Mar Ivanios Episcopa ✠ (Chengannur) ♪ 5 | **22** 335th Memorial of Mar Thoma III ✠ (Kadambanad) ♪ 1 |



# തിരുസന്നിധിയിൽ ഒരു പകൽ

ദേവലോകം: ഉയിർപ്പു പെരുന്നാൾ കഴിഞ്ഞുള്ള നാലാംനാൾ മലങ്കരയുടെ പെൺമക്കൾക്ക് ഒരു സൗഭാഗ്യമുണ്ടായി. "ചെറിയ ആട്ടിൻകൂട്ടമെ ഭയപ്പെടേണ്ട" എന്ന ഇടയ ശബ്ദം. ഏപ്രിൽ 13-നു പ. കാതോലിക്കാ ബാവാ, സഭയുടെ മർത്തമറിയം സമാജം പ്രവർത്തകരുമായി നടത്തിയ ആശയ സംവാദം ഒരു ചരിത്ര നിമിഷമായിരുന്നു. വർത്തമാനകാലത്തിന്റെ സ്പന്ദനങ്ങൾ മനസ്സിലാക്കി സ്ത്രീ ശാക്തീകരണത്തിന്റെ പ്രസക്തി ഉൾക്കൊണ്ടു കൊണ്ട് നടത്തിയ സംവേദനം തികച്ചും അർഥവത്തായിരുന്നു. തന്റെ ശൈശവം മുതൽ വിശ്വാസ ജീവിതത്തിൽ മാതാവിന്റെ സ്വാധീനവും ഇതര ക്രൈസ്തവ കൂട്ടായ്മകളെ സ്വീകരിക്കുമ്പോഴും സഭാസ്നേഹം ഹൃദയത്തിൽ സൂക്ഷിച്ചതും ബാവാ പങ്കുവെച്ചു.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ സ്ത്രീകൾ ശക്തരാണ്. സമൂഹത്തെ വിഴുങ്ങുന്ന ലഹരിക്കെതിരെ ചെറിയ യൂണിറ്റുകളായി തിരിഞ്ഞ് ശക്തമായി പ്രതികരിക്കുവാനും പുത്തൻ തലമുറയെ സ്വാധീനിക്കുവാനും സ്ത്രീകൾക്ക് കഴിയും. അതിനായി സ്ത്രീ സമൂഹത്തെ പ. പിതാവ് ആഹ്വാനം ചെയ്തു. കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. കൂടാതെ മദ്രാസ്, സൗത്ത് അമേരിക്കൻ പ്രതിനിധികളും ഉണ്ടായിരുന്നു.

ഭദ്രാസനത്തിന്റെ പ്രവർത്തന ശൈലി, നേരിടുന്ന പ്രതിസന്ധികൾ, വെല്ലുവിളികൾ ഇവ പ്രതിനിധികൾ അവതരിപ്പിച്ചു. പുതിയ തലമുറയുടെ സാന്നിധ്യം സമാജത്തിന്റെ പ്രവർത്തനങ്ങളിലുണ്ടാകണം. സഭയുടെ പരമോന്നത ഭരണ സമിതികളിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കണം. സഭയുടെ ചരിത്രവും സംസ്കാരവും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കണം. പ. പിതാവിന്റെ സാന്നിധ്യത്തിൽ നടന്ന തുറന്ന ചർച്ചയും സംവാദവും പുതിയ പ്രതീക്ഷയും കരുതലും പ്രസ്ഥാനത്തിനുണ്ടാകുമെന്ന ഉറച്ച ചിന്ത അംഗങ്ങളുടെ മനസ്സിന് കുളിർമഴയായിരുന്നു.

മലങ്കരസഭയിലെ സ്ത്രീ ശബ്ദത്തിനു കാതോർക്കാൻ പ. പിതാവ് ദേവലോകം തറവാട്ടിലേയ്ക്ക് തന്റെ പെൺമക്കളെ ക്ഷണിച്ചു വരുത്തിയതും ആതിഥ്യമരുളിയതും ഈസ്റ്റർ സമ്മാനിച്ച ഒരു വലിയ സന്തോഷമായിരുന്നു.



** പ. പാമ്പാടി തിരുമേനിയുടെ ഓർമ്മപെരുന്നാൾ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ ആഘോഷിച്ചു. പ. മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വി. കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. യൂഹാനോൻ മോർ ദിയസ്കോറോസ്, ഗീവർഗീസ് മാർ തെയഫിലോസ്, സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ എന്നിവർ സഹകാർമികത്വം വഹിച്ചു.**




**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവാ നേതൃത്വം നൽകുന്ന 'സഹോദരൻ' ജീവ കാരുണ്യ പ്രവർത്തനത്തിനായി ഡൽഹി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ സമാഹരിച്ച തുക ഉയിർപ്പു പെരുന്നാളിനു ശേഷം കാതോലിക്കാ ബാവായ്ക്കു കൈമാറുന്നു. വികാരി ഫാ. ശോഭൻ ബേബി, സഹവികാരി ഫാ. ജയ്സൻ ജോസഫ്, സൊസൈറ്റി വൈസ് ചെയർമാൻ കെ.പി.ഏബ്രഹാം, സെക്രട്ടറി മാമ്മൻ മാത്യ, ട്രഷറർ ഷാജി പോൾ, കത്തീഡ്രൽ ട്രസ്റ്റി അനിൽ വി. ജോൺ എന്നിവർ സമീപം.**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പഠനം

# തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം



ഡോ. തോമസ് മാർ അത്താനാസിയോസ്



പഴയ നിയമവും പുതിയ നിയമവും ചേർന്ന ഗ്രന്ഥ സംയുക്തത്തെയാണ് ക്രൈസ്തവസഭ തിരുവെഴുത്തായി അംഗീകരിച്ചിരിക്കുന്നത്. അവ രണ്ടും ദൈവിക വെളിപാടായതുകൊണ്ട് അവയുടെ ആധികാരികത തർക്കവിഷയമാക്കാൻ സഭ അനുവദിക്കുന്നില്ല . അതുകൊണ്ട് ഇവയോട് പൊരുത്തപ്പെടാത്ത പാരമ്പര്യങ്ങൾ സഭ തിരസ്ക്കരിക്കുന്നു. ഇതു സഭയുടെ അടിസ്ഥാന നിലപാടാണ്. എങ്കിലും പുതിയ നിയമത്തിനും അതിലെ പ്രമേയമായ ക്രിസ്തുവിലൂടെയുള്ള ദൈവിക വെളിപാടിനും സഭ പ്രത്യേക പ്രാമാണ്യവും ആധികാരികതയും നൽകുന്നു എന്നത് വിസ്മരിക്കുന്നില്ല. എന്നാൽ ഈയിടെയായി തിരുവെഴുത്തുകളുടെ ഭാഗമായ പഴയനിയമത്തെയും അതു വെളിപ്പെടുത്തുന്ന ദൈവസങ്കല്പത്തെയും അതിൽ അവതരിപ്പിക്കുന്ന ദൈവിക ഇടപെടലിനെയും അവമതിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്ന പ്രവണത സാമൂഹ്യ മാധ്യമങ്ങളിൽ വ്യാപിക്കുന്നുണ്ട് . ഇത് വിശ്വാസികളെ ആശയക്കുഴപ്പത്തിലാക്കുകയോ വഴിതെറ്റിക്കുകയോ ചെയ്യുന്നതായി അറിയുന്നു. ഇതു സംബന്ധിച്ച് സഭയുടെ നിലപാട് എന്ത് എന്ന് അറിയുവാൻ പലരും ആഗ്രഹം പ്രകടിപ്പിച്ചിരുന്നു . ഈ ആവശ്യം പരിഗണിച്ച് ഈ വിഷയത്തെക്കുറിച്ചുള്ള പ്രതികരണം ഇവിടെ കുറിക്കുന്നു.

പ്രസ്തുത കാര്യത്തെക്കുറിച്ച് യുക്തിചിന്തയുടെ അടിസ്ഥാനത്തിലോ ഈ രംഗത്തുണ്ടായ ഗവേഷണങ്ങളുടെയും പഠനങ്ങളുടെയും പശ്ചാത്തലത്തിലോ ഉണ്ടാകുന്ന സ്വതന്ത്ര നിഗമനങ്ങൾ അതേപടി സഭയ്ക്ക് സ്വീകാര്യമാകണം എന്നില്ല. വിശുദ്ധ ലിഖിതങ്ങളായി സഭ അംഗീകരിച്ചു പോരുന്ന രചനകളുടെ ആധികാരികത സംബന്ധിച്ചുള്ള ചർച്ചകൾ കേവല യുക്തിയുടെയും സ്വതന്ത്ര പഠനങ്ങളുടെയും മേഖല മാത്രമായി പരിമിതപ്പെടുത്തിയാൽ ദൈവീക വെളിപാടിന്റെ പ്രസക്തിയും പ്രാമാണ്യവും ചോദ്യം ചെയ്യപെടുകയായിരിക്കും. സഭയുടെ അടിസ്ഥാന കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായുള്ള തിരുവെഴുത്തുകളുടെ വ്യാഖ്യാനങ്ങളും തിരുത്തലുകളും സഭ നിഷേധിക്കുകയും ചെയ്യുന്നു. സഭയുടെ തിരുവെഴുത്തുകളെ പറ്റിയുള്ള വീക്ഷണങ്ങളുടെയും നിലപാടുകളുയും ഉള്ളിൽ നിന്നു മാത്രമേ മാറിയ സാഹചര്യത്തിലും അവ സംബന്ധിച്ച അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളും  രൂപപ്പെടുത്താനാകൂ.

പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും ലിഖിതങ്ങൾ മുഴുവനും തിരുവെഴുത്തുകളായും അതിലെ വെളിപാടുകൾ ആധികാരികമായും സഭ പരിഗണിക്കുന്നു. അതുകൊണ്ടാണ് അവ സംബന്ധിച്ച സഭയുടെ കാഴ്ചപ്പാടിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടായിരിക്കണം അവയുടെ വിശദീകരണങ്ങൾ എന്ന് സഭ നിഷ്കർഷിക്കുന്നത്. വ്യക്തിയുടെ സ്വതന്ത്ര ചിന്തയുടെയോ വെളിപാടുകളിൽ നിന്ന് തിരഞ്ഞെടുത്ത വാക്യങ്ങളുടെയോ അടിസ്ഥാനത്തിൽ ഇവയുടെ ആധികാരികത അളക്കുവാനായി സ്വതന്ത്ര മാനദണ്ഡങ്ങൾ (norms) സൃഷ്ടിച്ച് അവയെ വിലയിരുത്തുന്ന നടപടി സഭ എന്നും നിഷേധിച്ചിട്ടുണ്ട്. എന്നാൽ അടുത്തകാലങ്ങളിൽ വേദപുസ്തക പഠനമേഖലകളിൽ ഉണ്ടായ ഗവേഷണങ്ങൾ തിരുവെഴുത്തുകൾ കൂടുതൽ മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും സഹായകമാകുന്നവിധം ഉപയോഗപ്പെടുത്തുന്നതിനെ സഭ സ്വാഗതം ചെയ്യുന്നുണ്ട് . അതേസമയം അവയുടെ അടിസ്ഥാനത്തിൽ തിരുവെഴുത്തുകൾ പൂർണ്ണമായോ ഭാഗികമായോ തിരസ്കരിക്കുന്നതിനും അവയുടെ സാധുത ചോദ്യം ചെയ്യുന്നതിനും തിരുവെഴുത്തിന്റെ ആധികാരികത അവഗണിച്ച് അതിനെ വ്യാഖ്യാനിക്കുന്നതിനും ഉള്ള ശ്രമങ്ങളെ സഭയ്ക്ക് അംഗീകരിക്കാനാവില്ല. അതായത് യുക്തിയുടെയും ശാസ്ത്രീയപഠനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം വ്യക്തിഗതമായി സഭാപാരമ്പര്യത്തിന് വിരുദ്ധമായി സ്വതന്ത്ര നിലപാട് എടുക്കുന്നതിനോട് സഭ യോജിക്കുന്നില്ല.

തിരുവെഴുത്തിന്റെ പ്രാമാണ്യവും ആധികാരികതയും മൂല്യനിർണ്ണയം ചെയ്യുവാനും അവ വ്യാഖ്യാനിക്കുവാനും ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളും (tools) രീതിശാസ്ത്രവും (methodology) വിശ്വാസിസമൂഹത്തിന്റെ വീക്ഷണവുമായി വിരുദ്ധമാകരുത് എന്ന് സഭ ചിന്തിക്കുന്നു. തെറ്റായ രീതിശാസ്ത്രം പിശകായ നിഗമനങ്ങളിൽ എത്തിക്കുന്നു എന്നത് സ്വാഭാവികമാണ്. സഭ തിരുവെഴുത്തായി അംഗീകരിച്ചിരിക്കുന്ന ലിഖിതങ്ങൾ സംബന്ധിച്ചുള്ള നിരീക്ഷണങ്ങളും ശാസ്ത്രീയ പഠനങ്ങളും സഭാജീവിതത്തെയും വിശ്വാസത്തെയും പരിപുഷ്ട (enrich) മാക്കുന്നതിനാകണം സഹായകമാകേണ്ടത്. അതിൽ കണ്ടെത്തുന്ന വൈരുദ്ധ്യങ്ങളുടെയും വ്യാഖ്യാതാക്കളുടെ കാഴ്ചപ്പാടുകളുടെയും അടിസ്ഥാനത്തിൽ അവയുടെ ആധികാരികത സംബന്ധിച്ച് സ്വതന്ത്ര നിഗമനങ്ങളിൽ എത്തിച്ചേരുന്ന രീതിക്ക് സഭ എന്ന നിലയിൽ അംഗീകാരം നൽകുവാനാവില്ല.

ഇതുപോലുള്ള തിരുത്തൽ ശ്രമങ്ങൾ സഭയുടെ ചരിത്രത്തിൽ പലപ്പോഴും നടന്നിട്ടുണ്ട്. ക്രിസ്തുവിനുശേഷം രണ്ടാം നൂറ്റാണ്ടിൽ സിനോപെയിലെ മാർക്കിയോൻ എന്ന വ്യക്തി പഴയനിയമത്തെ നിരാകരിക്കുന്നതായി നാം വായിക്കുന്നു. പഴയ നിയമത്തിലെ ദൈവസങ്കല്പം ക്രിസ്തു വെളിപ്പെടുത്തിയ ദൈവരൂപത്തിന് വിരുദ്ധമാണ് എന്ന നിഗമനമാണ് അദ്ദേഹത്തിന്റെ ഈ നിലപാടിന് പ്രേരകം. പുതിയനിയമം പ്രതിനിധീകരിക്കുന്ന സുവിശേഷവും (Gospel) പഴയനിയമം പ്രതിനിധാനം ചെയ്യുന്ന നിയമവും (Torah) തമ്മിലുള്ള പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്ന സംഘർഷം (tension) മുതലെടുത്ത് അവ രണ്ടും പൊരുത്തപ്പെടാത്ത രണ്ട് സംവിധാനങ്ങൾ (orders) ആയി അദ്ദേഹം അവതരിപ്പിക്കുന്നു. അതുകൊണ്ട് അവയിൽ വെളിപ്പെടുന്നതും പ്രവർത്തിക്കുന്നതും രണ്ട് വ്യത്യസ്ത ദൈവങ്ങൾ ആണെന്നും അയാൾ സിദ്ധാന്തിക്കുന്നു. അങ്ങനെ പഴയ - പുതിയ നിയമ വെളിപ്പെടുത്തലുകളുടെയും അവയിൽ വെളിപ്പെടുന്ന ദൈവസങ്കല്പങ്ങളുടെയും ഐക്യവും (integrity) പാരസ്പര്യവും (mutuality) അയാൾ ചോദ്യം ചെയ്യുന്നു. തന്റെ നിലപാട് സ്ഥാപിക്കുവാനായി പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പരസ്പര വിരുദ്ധമെന്ന് തോന്നിപ്പിക്കുന്ന വാക്യങ്ങൾ യഥേഷ്ടം അദ്ദേഹം തെരഞ്ഞുപിടിച്ച് അിശേവേലശെ എന്ന രചനയിൽ അവതരിപ്പിക്കുന്നു . അതോടൊപ്പം കർത്താവിന്റെ ചില വചനങ്ങളും തന്റെ സിദ്ധാന്തം സാധൂകരിക്കുവാൻ അവതരിപ്പിക്കുന്നു. ലൂക്കോസിന്റെ

സുവിശേഷത്തിലെ നല്ല വൃക്ഷത്തിന്റെയും ചീത്ത വൃക്ഷത്തിന്റെയും അവതരണവും (6:43) പഴയ വീഞ്ഞിന്റെയും പുതിയ വീഞ്ഞിന്റെയും ഉപമയുമെല്ലാം (ലൂക്കോസ് 5:36–39) അതിൽപ്പെടുന്നു. ഇവിടെ സൃഷ്ടിയും, രക്ഷയും, നിയമവും, സുവിശേഷവും, പഴയനിയമ ദൈവവും പുതിയനിയമ ദൈവവും വിരുദ്ധ സങ്കല്പങ്ങളായി മാറുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പുതിയനിയമ രചനകളെയും അയാൾ തരംതിരിക്കുന്നു. അതിൻപ്രകാരം ലൂക്കോസിന്റെ സുവിശേഷവും പൗലോസിന്റെ 10 ലേഖനങ്ങളും മാത്രമാണ് ആധികാരികം. മാർക്കിയോന്റെ ഈ സിദ്ധാന്തങ്ങൾ എല്ലാം ആദിമസഭ നിഷേധിച്ചു . വിശുദ്ധ ഐറേനിയസിന്റെ 'അഡ് വേർസുസ് ഹെറെസസ്' എന്ന ഗ്രന്ഥം (Adversus Haereses) സഭയുടെ നിലപാട് വിശദീകരിക്കുന്ന രചനയാണ്. പഴയ നിയമവും അതു വെളിപ്പെടുത്തുന്ന ദൈവവും പുതിയ നിയമത്തിനു വിരുദ്ധം എന്ന നിലപാട് സഭ തള്ളി.

അതുപോലെ നവീകരണ (Reformation) കാലത്ത് ആ നീക്കത്തിന് നേതൃത്വം നൽകിയ മാർട്ടിൻ ലൂഥർ സഭയ്ക്ക് ആധികാരികമായ പൗലോസിന്റെ വേദശാസ്ത്രത്തിനു വിരുദ്ധമാണ് യാക്കോബിന്റെ ലേഖനം എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. അതിന്റെയടിസ്ഥാനത്തിൽ ആ ലേഖനത്തെ വൈക്കോൽ ലിഖിതം എന്നു വിലയിരുത്തി അതിൻെറ ആധികാരികത നിഷേധിക്കുന്നു. മാർട്ടിൽ ലൂഥറിന്റെ ഈ നിലപാടിനെയും സഭ അംഗീകരിക്കുന്നില്ല. സഭയുടെ തിരുവെഴുത്തുകൾ സംബന്ധിച്ച അടിസ്ഥാന നിലപാടുകളെ നിഷേധിക്കുവാനായി ഉപയോഗപ്പെടുത്തുന്ന ഒരു രീതിശാസ്ത്രത്തിനും അംഗീകാരം നൽകുവാൻ സഭയ്ക്കാവില്ല. അതായത് സഭ അംഗീകരിച്ച കാനോനികമായ തിരുവെഴുത്തിനുള്ളിൽ മറ്റൊരു സാധുതാ മാനദണ്ഡം (canon with in the Canon) സൃഷ്ടിച്ച് ദൈവിക വെളിപാടിനെ തരം തിരിക്കുവാൻ സഭ അനുവദിക്കുന്നില്ല എന്ന് സാരം.

ആധുനികകാലത്തെ ശാസ്ത്രീയ പഠനങ്ങൾ പുതിയ ഉൾക്കാഴ്ചകൾ സൃഷ്ടിക്കുന്നതിനും തിരുവെഴുത്തുകളുടെ പഠനം കൂടുതൽ അർത്ഥവത്താക്കുന്നതിനും സഹായകമാകുന്നുണ്ട്. അതിനുള്ള ശ്രമം നടത്താതെ, ദൈവഹിതം അറിയാത്ത മനുഷ്യർ തങ്ങളുടെ സംസ്കാരവും ചിന്തയും പ്രകാരം സൃഷ്ടിച്ചതാണ് പഴയനിയമ ദൈവ സങ്കല്പവും വേദലിഖിതങ്ങളും എന്നു ചിലർ പ്രഖ്യാപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് സഭയ്ക്ക് കൂട്ടുനിൽക്കാനാവില്ല. തിരുവെഴുത്തിൽ ചില കാര്യങ്ങൾ എന്തുകൊണ്ട് അപ്രകാരം വന്നിരിക്കുന്നു എന്ന കാര്യം വിശദീകരിക്കുന്നതിനും തിരുവചനം വേണ്ടവിധം മനസ്സിലാക്കുന്നതിനുമാണ് ഗവേഷണ പഠനങ്ങൾ ലക്ഷ്യമിടേണ്ടത്. ഉദാഹരണത്തിന് ഫെമിനിസ്റ്റ് വേദപഠനങ്ങൾ, വിമോചന ദൈവശാസ്ത്രം തുടങ്ങിയ ആധുനിക അന്വേഷണങ്ങൾ തിരുവചനത്തെ അർത്ഥവത്തായി മനസ്സിലാക്കുന്നതിനാണ് കൂടുതൽ സഹായിച്ചിട്ടുള്ളത്; അല്ലാതെ അതിൻെറയടിസ്ഥാനത്തിൽ തിരുവചനത്തിന്റെ ആധികാരികത നിഷേധിക്കുന്നതിനായിരുന്നില്ല. സഭയുടെ ചരിത്രത്തിലും ലിഖിതങ്ങളുടെ രചനയിലും വിസ്മരിക്കപ്പെട്ട വിഷയങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി തിരുവചനപഠനം കൂടുതൽ അർത്ഥവത്താക്കുന്നതാണ് ആരോഗ്യകരമായ വചനപഠനം എന്നത് .

വെളിപാടുകൾ ലിഖിതരൂപത്തിൽ എത്തുമ്പോൾ അവിടെ സംഭവിക്കാവുന്ന ആപേക്ഷികതയും നാം തിരിച്ചറിയണം. വ്യക്തിയുടെയും സമൂഹത്തിന്റെയും ആശയലോകം, ഭാഷയുടെ പരിമിതികൾ, തിരിച്ചറിവിന്റെ അതിർത്തികൾ, കാലത്തിന്റെയും സംസ്കാരത്തിന്റെയും അകലങ്ങൾ എന്നിവയെല്ലാം ഇവിടെ പരിഗണിക്കേണ്ടതുണ്ട് . അല്ലാതെ ദൈവത്തെ വിലയിരുത്താനും എഴുതിയവരുടെ മേൽ വിധി പ്രസ്താവിക്കുവാനും നടക്കുന്ന ശ്രമങ്ങൾക്ക് സഭാവീക്ഷണ പ്രകാരം സാധൂകരണം കണ്ടെത്താൻ ആവില്ല.

(തുടരും ...)




**പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയുടെ കൈസ്ഥാനിയായിരുന്ന ബാബു പി. പാപ്പച്ചന്റെ സ്മരണയ്ക്കായി മാർ ബേസിൽ ചാരിറ്റീസ്, ഇടവകയ്ക്കായി നിർമ്മിച്ചു നൽകിയ കെട്ടിടത്തിന്റെ കൂദാശാകർമ്മം ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.**



**കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിലെ ഉയിർപ്പ് ശുശ്രൂഷകൾക്ക് ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ സേവേറിയോസ് മുഖ്യകാർമികത്വം വഹിച്ചു.**



## ജോബി ജോണിന് പുരസ്കാരം



പഴുവിൽ: അഞ്ചാമത് പ്രേംനസീർ സുഹൃത് സമിതി സംസ്ഥാന മാധ്യമ പുരസ്കാരം പ്രഖ്യാപിച്ചു. മികച്ച പ്രാദേശിക ചാനൽ ന്യൂസ് റിപ്പോർട്ടക്കുള്ള പുരസ്കാരത്തിന് ചേർപ്പ് മീഡിയ ഫോർ ന്യൂസ് ചാനൽ റിപ്പോർട്ടർ ജോബി ജോൺ അർഹനായി. പ്രേംനസീറിന്റെ 97-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന ചടങ്ങിൽ തിരുവനന്തപുരത്ത് വച്ച് പുരസ്കാരം സമ്മാനിക്കും. മരോട്ടിച്ചാൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി അംഗവും തൃശ്ശൂർ ഭദ്രാസന സുവിശേഷ സംഘം സെക്രട്ടറിയുമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തകം



# വിശുദ്ധ രഹസ്യങ്ങൾ

## മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

### അദ്ധ്യായം പതിനേഴ്


### വിശുദ്ധ രഹസ്യങ്ങളേക്കുറിച്ച്

കുർബ്ബാനയുടെ ഈ നാലാം ഭാഗം പൂർണ്ണമായും പിതാവിനെയാണ് സംബോധന ചെയ്യുന്നത്. പട്ടക്കാരൻ പറയുന്നു, നമ്മുടെ കർത്താവായ യേശു മശിഹായുടെ പിതാവാം ദൈവമേ. അതായത് ഈ പ്രാർത്ഥന നമ്മുടെ ആത്മാവിനേയും ശരീരത്തേയും വെടിപ്പാക്കുവാനും ശുദ്ധീകരിക്കുവാനും പിതാവിനോടുള്ള യാചനയാണ്. അതു മൂലം വിശുദ്ധിയോടെ നമ്മുടെ കർത്താവ് തന്റെ ശ്ലീഹന്മാരെ പഠിപ്പിച്ച പ്രാർത്ഥന ചൊല്ലും.

ലജ്ജയില്ലാത്ത മുഖത്തോടെയും, അതായത്, കൽപ്പനകൾ ലംഘിച്ചതുമൂലം പാപത്താലുള്ള ലജ്ജ കൂടാതെയും സ്വന്തം പാപം മൂലമുള്ള ലജ്ജയില്ലാതെയും, നമ്മുടെ തന്നെ പാപങ്ങൾ മൂലമുള്ള ലജ്ജകൂടാതെയും. നിന്നെ ഞങ്ങൾ ദൈവമേ എന്ന് വിളിക്കുവാൻ തുനിയുന്നു. ഞങ്ങൾ വെടിപ്പുള്ളവരെങ്കിലും സൃഷ്ടികളായ ഞങ്ങൾക്ക് ഈ പ്രാർത്ഥന പ്രാർത്ഥിക്കുവാൻ കഴിയുകയില്ല കാരണം മനുഷ്യരാരും തന്നെ പാപത്തിൽ നിന്ന് ഒഴിവുള്ളവരല്ല, എന്നാലോ ഞങ്ങൾ ധൈര്യത്തോടെ ഈ പ്രാർത്ഥന പ്രാർത്ഥിക്കുന്നു. ഞങ്ങൾ പൂഴികളും കൈവേലയുമെങ്കിലും ദൈവത്തെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കുവാൻ ഞങ്ങൾ ധൈര്യപ്പെടുന്നു. പിതാവാം ദൈവം മാമോദീസായിലൂടെ നമ്മുടെ പിതാവായിത്തീർന്നു എന്ന് നാം അറിയുന്നത് യുക്തമാണ്. പുത്രൻ മാമോദീസാ ഏറ്റപ്പോൾ അവൻ അവനെ ഇതാ എന്റെ പുത്രൻ എന്ന് വിളിച്ചു (മത്താ 3:17). അവൻ എന്റെ പുത്രൻ ഇതാകുന്നു എന്ന് (പറഞ്ഞപ്പോൾ) പാഷണ്ഡർ പറയുന്നതുപോലെ അവൻ അവനെ പുത്രനാക്കിയതല്ല എന്നാലോ സ്വഭാവപ്രകാരം അവൻ അവന്റെ പുത്രനായിരുന്നു. അവൻ ആരംഭത്തിനും സമയങ്ങൾക്കും മുമ്പേ അവനെ ജനിപ്പിച്ചു. എന്നാൽ അവൻ നിഗൂഢമായും മറവായും ഇരുന്നെങ്കിലും ജഡാവതാരം ചെയ്ത് സ്നാനപ്പെട്ടപ്പോൾ അവൻ അവനെ വെളിപ്പെടുത്തുകയും കാണിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു ഇതാകുന്നു എന്റെ പ്രിയപുത്രൻ. അവൻ എന്റെ പുത്രൻ എന്ന് പറഞ്ഞുകൊണ്ട് അവരെ കാണിക്കുമ്പോൾ സ്വഭാവപ്രകാരം അവൻ തന്റെ പുത്രൻ എന്ന് വെളിപ്പെടുത്തി. അവൻ മറഞ്ഞിരിക്കുകയായിരുന്നു എന്നും ജഡത്തിൽ അവനെ വെളിപ്പെടുത്തിക്കൊണ്ട് ഇവൻ എന്റെ പ്രിയ പുത്രൻ എന്ന് പറഞ്ഞതുമൂലം സ്നാനം ഏൽക്കുന്ന വിശ്വാസികൾ എല്ലാവരേയും അവന്റെ പുത്രന്മാർ എന്ന് അവൻ വിളിക്കുന്നു.

**സ്വർഗ്ഗസ്ഥനായ പിതാവേ എന്നതിന്റെ വിശദീകരണം**

അതുകൊണ്ട് സ്നാനത്തിന് ശേഷം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് നാമും വിളിക്കും. പട്ടക്കാരൻ പ്രാർത്ഥന തികച്ചതിനു ശേഷം ജനം ഉച്ചത്തിൽ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നിത്യാദി ചൊല്ലുന്നു. ഈ പ്രാർത്ഥനയുടെ വിശദീകരണം മത്തായിയുടെ സുവിശേഷത്തിന്റെ വ്യാഖ്യാനത്തിൽ വിശദമായി നൽകിയിട്ടുള്ളതിനാൽ ഇവിടെ നാം ചുരുക്കിപ്പറയുന്നു. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, കുർബാനയിൽ ഈ പ്രാർത്ഥന ചൊല്ലുവാൻ ക്രമപ്പെടുത്തിയിരിക്കുന്നത് ഉചിതമാണ്. കാരണം ഇത് ക്രിസ്ത്യാനി




കളെ പുത്രന്റെ പ്രാർത്ഥന പഠിപ്പിക്കുന്നു. ഇത് നമ്മോട് ദയവാനായിരിക്കുന്ന പിതാവിന്റെ പിതൃത്വവും നമ്മുടെ പുത്രത്വവും പഠിപ്പിക്കുന്നു. അതുകൊണ്ട് നമ്മുടെ ആത്മാവ് സന്തോഷിക്കുന്നു കാരണം അപ്രകാരമുള്ള ഒരു പിതാവാണ് നമുക്കുള്ളത്. നമ്മോട് യുദ്ധം ചെയ്യുന്ന ശത്രു നമ്മിൽനിന്ന് ഭയപ്പെട്ട് പോകും.

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ:** മാമോദീസായിലൂടെ നാം അവനെ പിതാവെന്ന് വിളിക്കുന്നു. നാം പൊതുവായി അവനെ പിതാവെന്ന് വിളിക്കുന്നു കാരണം ധനവാനായാലും ദരിദ്രനായാലും നാം ഒരു ശരീരമാണ്. എല്ലാവർക്കും വേണ്ടി പാപികളായ നാം പ്രാർത്ഥിക്കണം. **സ്വർഗ്ഗസ്ഥൻ:** അതായത്, ഭൂമിയിൽ നിന്ന് നാം പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗത്തിലേക്ക് നമ്മെ ഉയർത്തുന്നു. **നിന്റെ നാമം വിശുദ്ധമാക്കപ്പെടണം:** ഞങ്ങളുടെ നല്ല പ്രവർത്തികൾ ചെയ്യുമ്പോൾ ഞങ്ങളിലൂടെ നിന്റെ നാമം പുകഴ്ത്തപ്പെടണം. വീണ്ടും, ഞങ്ങൾ വിശുദ്ധീകരിക്കപ്പെട്ട് നിനക്ക് മക്കളായിത്തീരുവാൻ ഞങ്ങൾ യോഗ്യരാകണം. **നിന്റെ രാജ്യം വരണമേ:** നിന്റെയും നിന്റെ പരിശുദ്ധാത്മാവിന്റെയും സഹായം ഇറങ്ങിവന്ന് ഞങ്ങളുടെ മേൽ അധികാരം നടത്തുവാൻ ആഗ്രഹിക്കുന്ന ആകൽക്കറുസായിൽ നിന്ന് ഞങ്ങളെ വിടുവിക്കണം. **നിന്റെ രാജ്യം:** സകലത്തേയും വാഴുന്ന നിന്റെ ഏകപുത്രന്റെ അധികാരം. **നിന്റെ ഇഷ്ടം നടക്കണം:** നിന്റെ ഇഷ്ടം ഞങ്ങളിൽ നടക്കണമേ. മാലാഖമാർ നിന്റെ ഇഷ്ടം സ്വർഗ്ഗത്തിൽ കാത്തുകൊള്ളുന്നതുപോലെ ഭൂമിയിലും നിന്റെ ഇഷ്ടം ഞങ്ങൾ നടത്തണം. **സ്വർഗ്ഗത്തിലേപ്പോലെ:** യുദ്ധങ്ങളിൽ നിന്നും അവിശ്വാസികളിൽ നിന്നും സ്വർഗ്ഗത്തിൽ സമാധാനം ഉള്ളതുപോലെ നിന്റെ മനസ്സ് ഇവിടെ ഭൂമിയിൽ ആകയാൽ മാലാഖമാരേപ്പോലെ നിന്റെ മനസ്സ് അവനെ ശുശ്രൂഷിക്കട്ടെ. അല്ലാതെ ആകൽക്കറുസായുടെ ഇഷ്ടം ആകരുത് (നിങ്ങൾ ചെയ്യുന്നത്). **അപ്പം**

**ഞങ്ങൾക്ക് തരണമേ:** ശരീര സന്ധാരണമാണ് അല്ലാതെ സമ്പത്തല്ല. അതുപോലെ അന്നന്നത്തെ അപ്പമാണ് ഞങ്ങൾക്ക് തരേണ്ടത് അല്ലാതെ അനിയന്ത്രിതമായ ഉദരപോഷണവുമല്ല. വീണ്ടും ഇന്നത്തേതാണ് അല്ലാതെ കഴിഞ്ഞുപോയതിനേക്കുറിച്ചുള്ള വേദനയല്ല എന്നാലോ വരുവാനുള്ളതും ഇന്നത്തേതുമാണ്. **ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ:** ഞങ്ങൾ ചെയ്ത തെറ്റുകളും കുറ്റങ്ങളും. ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളോട് ക്ഷമിക്കും. നമ്മുടെ ഒരു തുള്ളി ക്ഷമയ്ക്ക് പകരം വലിയ കടൽ (പോലെയുള്ള) പാപങ്ങൾ ക്ഷമിക്കും അതുമൂലം കോപത്തിൽ നിന്ന് നമ്മെയെല്ലാം (രക്ഷിക്കും). **പരീക്ഷയിലേക്ക് പ്രവേശിപ്പിക്കരുതേ:** നമ്മുടെ ബലഹീന പ്രകൃതം മൂലം നമുക്ക് കഷ്ടത ഉണ്ടാകും നമുക്ക് അതിനെ ഒഴിവാക്കുവാൻ കഴിയുകയില്ല. **പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ:** ആകൽക്കറുസായിൽ നിന്ന് ഞങ്ങളെ രക്ഷിക്കണം, കാരണം നമുക്കു നേരേയുള്ള അവന്റെ തന്ത്രങ്ങൾ അനവധിയാകുന്നു. അവനെ തടയുവാനുള്ള ശക്തി നമ്മിലില്ല. **എങ്കിലോ രാജ്യം നിന്റേതാകുന്നു:** നിന്റെ രാജ്യത്വം ഭൗമികരായ രാജാക്കന്മാരേപ്പോലെ മാറ്റം വരുന്നതോ അഴിയുന്നതോ അല്ല. അതുകൊണ്ട് നാം പേടിക്കേണ്ടതില്ല കാരണം ഒന്നും തന്നെ നമുക്കെതിരേ നിൽക്കുകയില്ല. **ശക്തിയും:** നിന്റെ ശക്തി നിർമ്മിതമായ സകല ശക്തിയേയും വഹിക്കുന്നു. മഹത്വവും: മുകളിലുള്ളവരുടേയും താഴെയുള്ളവരുടേയും പുകഴ്ച്ചകൾ നിനക്ക് എന്നന്നേക്കുമായി കരേറ്റുന്നു.

വീണ്ടും, സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന പൊതുവായി (എല്ലാവരും ചേർന്ന്) ചൊല്ലുന്നു. ഇത് പൊതു പിതൃത്വവും ആത്മീയ പുത്രത്വവും വിശ്വാസികളിൽനിന്നും അവിശ്വാസികളെ വേർതിരിച്ചും കാണിക്കുന്നു. നിലവിളിച്ചുകൊണ്ടും വിശുദ്ധിയോടും പരിശുദ്ധ ദൈവത്വത്തിന്റെ മഹിമയ്ക്ക് യോഗ്യമായ രീതിയിൽ വാഴ്ത്തിക്കൊണ്ട് എല്ലാവരും ചേർന്ന് സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് പ്രാർത്ഥിക്കുന്നു. അങ്ങനെ വിശുദ്ധ രഹസ്യങ്ങളുടെ സംബന്ധത്തിന് യോഗ്യരാകുന്നു. വീണ്ടും, നശിച്ചുപോകാത്ത ജീവനാൽ നമ്മെ പൂർണ്ണതയ്ക്ക് അവകാശികളാക്കി നിത്യമായ സംബന്ധത്താൽ വരുവാനുള്ള സൗഭാഗ്യത്തിന് നമ്മെ യോഗ്യരാക്കുന്ന സകലത്തേയും സൃഷ്ടിച്ചതും പൂർത്തീകരിച്ചതുമായ പിതൃത്വത്തെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയിലൂടെ നാം സൂചിപ്പിക്കുന്നു. ഇവിടെ മറ്റൊരു കാര്യം അറിയേണ്ടത് ശരീരത്തിലെ നാവ് എന്ന പോലെ പട്ടക്കാരൻ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് ആദ്യമേ തുടങ്ങുകയും അതിനു ശേഷം വിശ്വാസികൾ അവന്റെ പിന്നാലേ ചേരുകയും ചെയ്യുന്നു.

പട്ടക്കാരൻ വീണ്ടും പറയുന്നു, **ഞങ്ങളുടെ ദൈവമായ കർത്താവേ പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ.** ജനങ്ങൾ ഏറ്റുചൊല്ലുന്ന ഈ പ്രാർത്ഥന കൈക്കൊള്ളുവാൻ പിതാവിനോട് അപേക്ഷിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും സമാധാനം എന്ന് അതിനുശേഷം പട്ടക്കാരൻ പറയുന്നു. ആകുലതകളിൽ നിന്ന് ഒഴിഞ്ഞ് അവർ തന്നെയും പരസ്പരവും സമാധാനത്തോടെ ഇരുന്ന് ശ്രദ്ധയോടെ നിൽക്കണം. അങ്ങനെ അവർ ജീവന്റെ രഹസ്യങ്ങൾ സ്വീകരിക്കുവാൻ യോഗ്യരാകണം.

ഉടൻ ശെമ്മാശ്ശൻ കൽപ്പിച്ച് പറയുന്നു **കർത്താവിന്റെ മുമ്പാകെ നാം തലകളെ കുനിക്കണം.** അതായത് അവൻ അവരോട് ഉദ്ബോധിപ്പിക്കുന്നു ദൈവ മുമ്പാകെ അവർ തലകളെ കുനിക്കണം. കാരണം പട്ടക്കാരൻ ഇവിടെ പ്രാർത്ഥന ചൊല്ലുന്നത് നിങ്ങൾക്കുവേണ്ടിയും നിങ്ങളേ പ്രതിയുമാണ് അവന്റെ അടുക്കൽ (പ്രാർത്ഥന) അണയ്ക്കുന്നത്. അതുകൊണ്ട് നിങ്ങൾ അവന്റെ മുമ്പാകെ തലകളെ കുനിക്കുകയും പട്ടക്കാരൻ പ്രാർത്ഥിക്കുന്നത് നിങ്ങൾക്ക് ലഭിക്കുവാൻ അപേക്ഷിക്കുകയും ചെയ്യണം. ജനം പറയുന്നു, ദൈവമായ കർത്താവേ നിന്റെ മുമ്പാകെ. അതായത് ശെമ്മാശ്ശൻ പറഞ്ഞതുപോലെ കർത്താവേ തിരുമുമ്പാകെ ഞങ്ങൾ തലകൾ കുനിക്കുന്നു. പട്ടക്കാൻ പ്രാർത്ഥിച്ച് ചൊല്ലുന്നു നിന്റെ തിരുമുമ്പാകെ നിന്റെ ദാസർ അവരുടെ തലകളെ കുനിച്ചിരിക്കുന്നു. അതായത് അവരുടെ മേൽ കരുണയും അനുഗ്രഹങ്ങളും അയക്കുവാൻ ഈ പ്രാർത്ഥനയിൽ അവൻ അവർക്കുവേണ്ടി പിതാവിനോട് അപേക്ഷിക്കുന്നു. അങ്ങനെ അവർ നീതീകരണത്തിന്റെ വെടിപ്പോടെ ജീവിപ്പിക്കുന്നതും വിശുദ്ധവുമായ വിശുദ്ധരഹസ്യങ്ങൾ സ്വീകരിക്കുന്നു.

**നിങ്ങൾക്കെല്ലാവർക്കും സമാധാനം** എന്ന് പട്ടക്കാരൻ പറയുന്നു. അതായത് ഇവിടെ അവർക്ക് നൽകുന്ന ഈ സമാധാനം നമ്മുടെ കർത്താവ് തന്റെ ഉത്ഥാനത്തിന് ശേഷം മാളികമുറിയിലായിരുന്ന തന്റെ ശിഷ്യന്മാരുടെ അടുക്കൽ ചെന്ന് സമാധാനം നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ എന്ന് പറഞ്ഞതുപോലെയാണ്.



പിന്നീട് പട്ടക്കാരൻ പറയുന്നു, **പരിശുദ്ധ ത്രിത്വത്തിന്റെ കൃപ ഉണ്ടായിരിക്കട്ടെ**. അതായത്, അവൻ ഇവിടെ അവരോട് പറയുന്നു വാഴ്ത്തി, വിശുദ്ധീകരിച്ച് പൂർണ്ണമാക്കപ്പെട്ട ആ രഹസ്യങ്ങൾ നിങ്ങൾക്ക് വേണ്ടിയാണ്. പരിശുദ്ധ ത്രിത്വത്തിന്റെ കൃപയാൽ ഉടൻതന്നെ അവ നിങ്ങൾക്ക് നൽകപ്പെടും. അവ പരിശുദ്ധ ത്രിത്വത്തിന് പുറത്തോ മാറിയോ ഉള്ളതല്ല എന്നാലോ പരിശുദ്ധ ത്രിത്വത്തിന്റെ ഏക ക്നൂമായിൽ നിന്നും ആണ്, അതായത് മനുഷ്യാവതാരം ചെയ്ത പുത്രന്റേതാണ്. വീണ്ടും അവൻ ജനത്തിന് സമാധാനം നൽകിക്കൊണ്ട് സകലത്തേയും സംരക്ഷിക്കുകയും, പൂർണ്ണമാക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്ന പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ മൂന്ന് കുരിശ് അവരുടെമേൽ വരയ്ക്കുന്നു.

ഉടൻ **ഭയത്തോടെ സൂക്ഷിക്കണമെന്ന്** ശെമ്മാശ്ശൻ ജനങ്ങളോട് പറയുന്നു. ഭയത്തോടും വിറയലോടും കൂടെ ലോകാതീതമായ രഹസ്യങ്ങളിൽ സൂക്ഷിക്കണം. അവയെ പട്ടക്കാരൻ തന്റെ കണ്ണുകൾക്ക് മുകളിലേക്ക് ഉയർത്തുകയും ആഘോഷിക്കുകയും ചെയ്യുന്നു.

**പട്ടക്കാരൻ വിശുദ്ധ രഹസ്യങ്ങൾ ഉയർത്തി ആഘോഷിച്ച് ഉച്ചത്തിൽ പറയുന്നു**, വിശുദ്ധതകൾ വിശുദ്ധിയുള്ളവർക്ക്. ഇവിടെ അവൻ പറയുന്നു, ഈ രഹസ്യങ്ങൾ വിശുദ്ധങ്ങളും വിശുദ്ധമാക്കുന്നതും ജീവൻ നൽകുന്നതും ആകുന്നു, അവ വിശുദ്ധന്മാർക്ക് നൽകപ്പെടുന്നു.

വീണ്ടും, വിശുദ്ധതകൾ വിശുദ്ധന്മാർക്ക്: അതായത്, ആത്മാവും ശരീരവും മനസ്സും ഇവ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വെള്ളം, അഗ്നി, ആത്മാവ് ഇവയാൽ ശുദ്ധീകരിക്കപ്പെടുന്നു. മനുഷ്യന്റെ നിർമ്മിതി ദൈവത്തിന്റെ ഛായയിലാകുന്നു. ആത്മാവ് പിതാവിനേപ്പോലെയും ശരീരം പുത്രന്റെ ശാരീരികാവസ്ഥയിലും മനസ്സ് പരിശുദ്ധാത്മാവിനേപ്പോലെയും ആകുന്നു. ഇവയാൽ നാം ദൈവത്തിന്റെ സാദൃശ്യത്തിലാകുന്നു.

വീണ്ടും, വിശുദ്ധതകൾ വിശുദ്ധന്മാർക്ക്. വിശുദ്ധതകൾ വെടിപ്പുള്ള പട്ടക്കാരിൽ നിന്ന് വെടിപ്പുള്ളവർക്ക് വിഭജിക്കപ്പെട്ട് കൊടുക്കപ്പെടുന്നു. വിശുദ്ധിയില്ലാതെയും വിവേചിക്കാതെയും കർത്താവിന്റെ ശരീരം സ്വീകരിക്കുന്നവൻ ശിക്ഷിക്കപ്പെടും. വീണ്ടും വിശുദ്ധതകൾ വിശുദ്ധിയുള്ളവർക്ക്: സീൽ (ഹ്താം) അടയാളം (റൂശ്മാ) മുദ്ര (ത്ബ്അ) എന്നീ മൂന്ന് വിശുദ്ധതകളാൽ വിശുദ്ധീകരിക്കപ്പെട്ടവർ മാണിക്യങ്ങളാൽ അലങ്കരിക്കപ്പെട്ടവരാകുന്നു. നാം ദൈവത്തിന്റെ മക്കളും ആയിത്തീർന്നു (എന്നും സൂചിപ്പിക്കുന്നു). ധൂർത്തനായ പുത്രനേപ്പോലെ അവ പന്നികൾക്ക് മുമ്പിൽ ഇട്ടുകൊടുക്കരുത്.

വീണ്ടും, **പട്ടക്കാരന്റെ കൈകളാൽ വിശുദ്ധ രഹസ്യങ്ങൾ മുകളിലേക്ക് ഉയർത്തിആഘോഷിക്കുന്നു**. അതിന് ശേഷം ഉച്ചത്തിൽ പറയുന്നു: വിശുദ്ധതകൾ..., ഇത് നമ്മുടെ കർത്താവ് സ്വർഗ്ഗത്തിലേക്ക് കരേറിയതിനെ സൂചിപ്പിക്കുന്നു. അവൻ മാലാഖമാരുടെ സൈന്യങ്ങളാൽ ബഹുമാനിതമായി വാഴ്ത്തപ്പെടുന്നു. വീണ്ടും, പീലാസായും കാസായും മുകളിലേക്ക് ഉയർത്തുന്നു അത് നമ്മുടെ കർത്താവ് മേഘങ്ങളിലേക്ക് കരേറി തന്റെ മഹത്വത്തിൽ പ്രവേശിച്ചതിനെ സൂചിപ്പിക്കുന്നു.

വീണ്ടും, വിശുദ്ധതകൾ വിശുദ്ധന്മാർക്ക്: അവൻ അവനെ വിശുദ്ധിയോടെ വാഴ്ത്താനും അവനെ രുചിക്കുവാനും നമ്മെ അവൻ അനുഗ്രഹിക്കുകയും

അവനോടുകൂടെ ദൈവികമായി കലർത്തുകയും ചെയ്യും. വീണ്ടും, വിശുദ്ധതകൾ വിശുദ്ധന്മാർക്ക്: എല്ലാ വിശുദ്ധന്മാർക്കുമുള്ള പൊതുവായ മഹത്വത്തിൽ അനുഗ്രഹീത സ്വഭാവത്തോടെ വരുവാനുള്ള ലോകത്തിൽ അവനോടുകൂടെ വിശുദ്ധമായി സംസർഗ്ഗം ചെയ്യും. അവർ അവനെ മുടക്കം കൂടാതെ വാഴ്ത്തുകയും അവൻ അവരെ നിത്യമായി വിശുദ്ധീകരിക്കുകയും ചെയ്യും.

**ജനം (വിശ്വസിച്ച്) ഏറ്റുപറയുന്നു: പരിശുദ്ധനായ ഏകപിതാവ്**, പരിശുദ്ധനായ ഏകപുത്രൻ, പരിശുദ്ധനായ ഏക റൂഹാ. അതായത്, ഇവിടെ, അല്ലയോ പട്ടക്കാരാ, അങ്ങ് പറഞ്ഞ ഈ വിശുദ്ധതകൾ വിശുദ്ധന്മാർക്ക് കൊടുക്കുന്നത് ഉചിതമാണ്. ആരും വിശുദ്ധരല്ല എന്നാലോ ഏക പിതാവാം ദൈവവും ദൈവത്തിന്റെ ഏക പുത്രനും ദൈവത്തിൽ നിന്നുള്ള ഏക റൂഹായും (മാത്രം പരിശുദ്ധനാകുന്നു) എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റ് പറയുന്നു. പിതാവിനും പുത്രനും സ്തുതി: അതായത്, പരിശുദ്ധ ത്രിത്വത്തിന് ഞങ്ങൾ സ്തുതി കരേറ്റുകയും വാഴ്ത്തുകയും ഇങ്ങനെ ഞങ്ങളുടെ നാവുകൾ അവനെ സ്തുതി കരേറ്റുന്നതിനാൽ വിശുദ്ധ രഹസ്യങ്ങൾ സ്വീകരിക്കുന്നതിന് മുമ്പ് വിശുദ്ധീകരിക്കപ്പെടുന്നു.

വീണ്ടും, പരിശുദ്ധനായ ഏക പിതാവ്: കാരണം ലോകത്തിലുള്ളവരുടെ മക്കളേപ്പോലെ പിതാവിന് രണ്ടാമതൊരു പുത്രൻ ഇല്ല. നമ്മുടെ കർത്താവേശുമശിഹായുടെതല്ലാതെ അവൻ മറ്റൊരാളുടെ പിതാവല്ല. സ്വർഗ്ഗത്തിലുള്ളവരുടേയും ഭൗമികരുടേയും പിതൃത്വം അവനിൽനിന്ന് വിളിക്കപ്പെട്ടു.

**പരിശുദ്ധനായ ഏക പുത്രൻ:** അതായത്, ഭൂമിയിലുള്ളവരേപ്പോലെ അവൻ മറ്റൊരാളുടെ പുത്രൻ അല്ല. കാരണം അവർ അവരുടെ പിതാക്കന്മാരുടെ മക്കളും മക്കളുടെ പിതാക്കന്മാരും ആകുന്നു. അതുപോലെ, അവർ ശരിയായ മക്കളും അല്ല അതുപോലെ നിയമപരമായ പിതാക്കന്മാരും അല്ല.

**പരിശുദ്ധനായ ഏക റൂഹാ:** അതായത്, അവൻ പിതാവിൽ നിന്ന് പുറപ്പെടുന്നു സാരാംശത്തിൽ പുത്രനോട് സമനാകുന്നു അവന്റെ നാമം പരിശുദ്ധമാകുന്നു. അവ സ്വഭാവത്തിൽ സമമാകുന്നു, പ്രത്യേകതകളിൽ വ്യതിരിക്തതയുണ്ട്. സ്തുതിയും ബഹുമാനവും എന്നേക്കുമാകുന്നു.

വീണ്ടും, പരിശുദ്ധനായ ഏക പിതാവ്: ജനം ഉച്ചസ്വരത്തിൽ ഇപ്രകാരം പറയുന്നു. ഇത് സൂചിപ്പിക്കുന്നത് പരിശുദ്ധ ത്രിത്വത്തെ വ്യക്തമായി വെളിപ്പെടുത്തുന്നത് രക്ഷണ്യപ്രവർത്തനങ്ങൾക്ക് ശേഷവും പരിശുദ്ധ ത്രിത്വം അതേപോലെ നിലനിൽക്കുന്നു എന്നും മേലുള്ളവരാലും താഴെയുള്ളവരാലും അത് പുകഴ്ത്തപ്പെടുന്നു എന്നുമാണ്. വീണ്ടും, യെശയ്യാവ് സ്തുതിപ്പുകൾ കേട്ടതിന് ശേഷം അവന് തീക്കട്ടകളാൽ വെളിവാകുകയും പ്രതീകാത്മകമായി അത് അവന്റെ അധരങ്ങൾക്ക് അടുത്ത് കൊണ്ടുവരുകയല്ലാതെ അവൻ അത് അനുഭവിച്ചില്ല എന്നതുപോലെ വിശുദ്ധ രഹസ്യങ്ങൾ സ്വീകരിക്കുന്നതിന് മുമ്പ് അവർ വളരെ മനോഹരമായി പരിശുദ്ധ ത്രിത്വത്തെ വാഴ്ത്തുന്നു. പ്രവാചകൻ വിശുദ്ധ രഹസ്യങ്ങൾ ഭക്ഷിച്ചല്ല എങ്കിലും അവൻ വിശുദ്ധ രഹസ്യങ്ങളാൽ വിശുദ്ധീകരിക്കപ്പെട്ടു. എന്നാൽ ഇവിടെയാകട്ടെ ഒരുവൻ യഥാർത്ഥമായും ഭക്ഷിക്കുകയും ആ ഭക്ഷണം മൂലം എത്രമാത്രം വിശുദ്ധീകരിക്കപ്പെടുകയും ചെയ്യും?

വിശുദ്ധ രഹസ്യങ്ങൾ ഭവനക്കാരുടേതാകുന്നു പുറമേ ഉള്ളവർക്ക് അത് അപ്പമാകുന്നു. അത് ആർക്കും ബോധവിധേയം അല്ലാത്തതുകൊണ്ട് അതിനെ വിശുദ്ധ രഹസ്യം എന്ന് വിളിക്കുന്നു. അന്യന്മാർ അതിൽനിന്ന് ഭക്ഷിക്കരുത്. അത് മറശീല കൊണ്ട് മറയ്ക്കപ്പെട്ടിരിക്കുന്നു. അതായത് ഭയപ്പെടേണ്ട വിശുദ്ധ-രഹസ്യങ്ങൾ മൂടികൊണ്ട് മറയ്ക്കപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവ് എല്ലാവരിൽ നിന്നും മറഞ്ഞിരിക്കുന്നു എന്നും അവന്റെ മഹത്വത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു എന്നുമാണ് ഇത് സൂചിപ്പിക്കുന്നത്.

ശെമ്മാശ്ശൻ "രാജാവിന്റെ ഉയിർപ്പാൽ" എന്ന (ഗീതം ചൊല്ലുന്നു). അതിനു ശേഷം വിശുദ്ധസ്ഥലത്ത് കർത്താവിനെ സ്തുതിക്കുന്നു. നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു എന്ന് ശെമ്മാശ്ശൻ പറയുന്നു. പട്ടക്കാരൻ (വിശുദ്ധതകൾ) മുറിക്കുന്നു.

(തുടരും)



**ഫിൻലൻഡിന്റെ ഇന്ത്യയിലെ ചുമതലയുള്ള ഓഫിസർ ഡോ. ടിറ്റോ ഗ്രോനോ ഏപ്രിൽ 9-ന് ന്യൂഡൽഹി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് പ. മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായെ സന്ദർശിച്ചു. ഈസ്റ്റർ ദിനത്തിലായിരുന്നു സന്ദർശനം. ഇടവകയിലെ ഈസ്റ്റർ ആരാധനയിൽ ഡോ. ടിറ്റോ ഗ്രോനോയും പങ്കെടുത്തു.**

"ഒരിടവക വികാരി ആ ഇടവകയുടെ മാനേജരോ ഉടമസ്ഥനോ അല്ല. ഇടവകയുടെ ഇടയൻ എപ്പിസ്കോപ്പായാണ്. എപ്പിസ്കോപ്പായെ കൂടാതെ ഇടവകയില്ല. ഇതാണ് ഓർത്തഡോക്സ് സഭയുടെ പാരമ്പര്യം. ഇത് മനസിലാക്കാതെയാണ് ചില കോടതിവിധികളിലും ഇടവകക്കാർക്ക് ഇഷ്ടമുള്ള മെത്രാപ്പോലീത്തായെ സ്വീകരിക്കാം എന്ന വിധിയുണ്ടാക്കിയിരിക്കുന്നത്. അതുകൊണ്ട് ഇടവക എപ്പിസ്കോപ്പായുടേതാണെന്നർത്ഥമില്ല. കശീശാ പ്രെസ്ബിറ്ററി എന്നു പറയുന്ന സമൂഹത്തിന്റെ അംഗമാണ്. എപ്പിസ്കോപ്പാ എപ്പിസ്കോപ്പൽ കോളജ് എന്ന് പറയുന്ന സമൂഹത്തിന്റെ അംഗമാണ്. ശെമ്മാശ്ശനും ശുശ്രൂഷക സമൂഹത്തിന്റെ അംഗമാണ്. ഈ മൂന്നു സമൂഹങ്ങളും നിലകൊള്ളുന്നത് സഭയാകുന്ന വലിയ സമൂഹത്തിന്റെ കെട്ടുപണിക്കും ആത്മീയ വർദ്ധനയ്ക്കും വേണ്ടിയാണ്."

**– ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**



**പ. പാമ്പാടി തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ചു പുറത്തിറക്കിയ ഗാനോപഹാരം 'ദിവ്യാത്മൻ' പ. കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു.**



**വാഴൂർ പള്ളി ഇടവക സ്ഥാപകനും പാമ്പാടി പൊത്തമ്പുറം ദയറയുടെ ശിലാസ്ഥാപകനും ആയ ചെറിയമഠത്തിൽ വലിയ യാക്കോബ് കത്തനാരുടെ ഛായാചിത്രം പ. പാമ്പാടി തിരുമേനിയുടെ ഓർമ്മപെരുന്നാളിനോടു അനുബന്ധിച്ചു ഡോ. യൂഹാനോൻ മാർ. ദീയസ്കോറോസ് അനാച്ഛാദനം ചെയ്തു.**

Article

# "THE CHURCH AND THE (IM)MIGRATION"

**Fr. Adv. Alvin Abraham Simon**
**(MGOCSM Priest, Currently Manager, IAS HUB, Trivandrum Centre)**



The story of Jesus and his parents fleeing from Bethlehem to Egypt is one of the biblical passages that is often seen as supporting for those who are in the process of migration. It is being noted that many of our young students and couples are migrating to other countries in search of education, job, better standard of living and relatively safer environment. It is argued that this example in Matt. 2:13-23 points to migration as a divinely sanctioned or divinely ordained way of life, and that it underlines the importance of support for (im)migrants and the ethical necessity of (near-) open borders.It is also assumed that Jesus, because of this experience, would feel himself as a migrant and have a special sympathy for migrants; by the same token, migrants as such would be particularly close to Jesus and somehow reflect him in this world.

The Old Testament document talks about the life of people in Deuteronomy 26:5 "My father was a wandering Aramean, and he went down into Egypt with a few people and lived there and became a great nation, powerful and numerous." The people around have been moving in and out of land due to many reasons. The present migration of people from third world countries to developed countries has its own delicacies in the regions. The Church has also witnessed a large number of young minds migrating to various other countries. Many in the Church prophesy that this migration of the younger people would put the existence of the Church in the grey area. There is a fear in the community that the Church would be a solitude or empty space due to the immigrant and emigrant processes. Most of our students claim they are migrating to European countriesin search of higher education and job opportunities. However, there are multiple socio-political-religious reasons for the migration. This article is not initiated to touch upon the reasons for the migrations rather to prepare our students to carry the Church wherever they travel. We have to build a culture of **"Every moving Christian is a walking Church".** We have to prepare our kids/ students in such a way that they would carry the values and faith professed by the Church in whatever country they migrate. The Syriac word for Church is "*Etho"* which means assembly. It is the spirit of Church that has to be carried and filled. According to St. Paul the Apostle, Church is the Body of Christ and the Bride of Christ. This would primarily mean it is not static but dynamic. *The growth of the Church is in the expansion of the Church.*

A few points that we need to ponder upon while preparing our children who would in all probability migrate different places and countries.

1. **Deep rooted in Liturgy:** Our students need to be taught the very importance of the Liturgy. It is the Liturgy that the Orthodox Church preserves and cherishes in the church. The Church stands as a defining space for orthodox worship. Our Children are to be taught the culture of binding to the Church in binding to the Christ. St. Cyprian of Carthage says '*extra Ecclesiam nulla salus'* which means no salvation outside the Church. Our Children who are baptised in orthodox faith must be taught in this perspective. It is not to the outsider but the one who is already initiated to follow the path in growing in perfection. Liturgical life style must be induced in our children from the very beginning not as a hard yoke but as a gem for spiritual enrichment.

2. **Trinitarian Faith Orientation:** The orthodox faith is trinitarian faith. It is not the analysis or objective scrutiny that is required but a deeper sense of awakening and arising that is aspired in Trinitarian Faith. The proclamation of Glory to the Father, to the Son and to the Holy Spirit must expand our horizons beyond the chanting and rituals. It must open our inner being to the greater calling of discipleship and missiology of the Church. Missio Dei (Mission of God) is not conversion of religion but conversion of the heart. It is the conversion of the lifestyle. Trinitarian faith is building our life centred round the *Love of God*. The extending the love of God to all human beings is central to Trinitarian concept of faith. Trinitarian faith also emphasis our approach on the ecology and environment. Our children are to be taught healthy relationship that we need to nurture with the nature. Dr. Paulose Mar Gregorios always distanced himself from being called *"humans as the crown of the creation"* rather he emphasised *"humans as the priest of God*". A priest serves as a steward and as the one who connects every dot in the spiritual realm.

3. **Community over individuality:** Spirit of Community needs to be implanted in the young minds. Post covid era is primarily seen as an age of isolation and quarantine. The post modern era has been advocating individuality and with the Post Covidan demands, it has further more being witnessed. Our children growing in the era of *selfie and go solo* culture. Community need and brotherhood is lost in their spiritual journey. The Church is also a symbol of togetherness and community development. It is our duty and responsibility to imbibe our students with a sense of community upbringing.

4. **Adhering to Patristic teaching:** The word patristic may sound some highly theological jargon. The word actually means teachings of the Church fathers. It part of the tradition of the Church and Indian culture in adhering to the words of our spiritual fathers. *'Pithavanmarude vakkugal' or sayings of the fathers* has always been a guiding light in the life of Orthodoxy. Wherever we go and live, we have to be attached to the Words of our Church Fathers. The biblical interpretations and annotations, prayers and hymns, lifestyle and manners etc of the Church fathers are the strength of Orthodox Way. Our children are to be taught to be obedient and respectful towards these teachings.

These are some of the nurturing capsules which would connect the migrating students with the Church in whatever space they travel. These migrating students would actually work as the **extension of the Church** which would in turn help in the **expansion of the Church**. Let us not look at the present growing phenomena of migration as a bane rather let us see this as an opportunity for the growth of the Church in all these region. The Church as a whole may work in enriching and empowering all our young ones as the missionary of the church whichever country they settle. As it is rightly said ***"The harvest is plentiful, but the labourers are few."*** ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH





# "എന്റെ കർത്താവും എന്റെ ദൈവവുമേ"

## പുതുഞായറാഴ്ച

## വി. യോഹന്നാൻ 20:19-29

**ഫിലിപ്പോസ് റമ്പാൻ**
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

യേശുതമ്പുരാന്റെ പുനരുത്ഥാനത്തിനുശേഷം ശിഷ്യന്മാർക്ക് പല അവസരത്തിൽ വിവിധ സാഹചര്യത്തിൽ പ്രത്യക്ഷപ്പെടുന്നു. അത് അവരുടെ കണ്ണുകൾ ക്രമേണ തുറക്കുവാൻ കാരണമായി. അങ്ങനെ ദുഃഖത്തിൽ നിന്ന് സന്തോഷത്തിലേക്കും അവ്യക്തതയിൽ നിന്ന് പൂർണ്ണമായ അറിവിലേക്കും അവിശ്വാസത്തിൽ നിന്ന് വിശ്വാസത്തിലേക്കും ഉള്ള അവരുടെ യാത്രയ്ക്ക് യേശുവിന്റെ ഉയിർപ്പ് കാരണമാവുന്നു. സർവ്വ സൃഷ്ടിക്കും വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി ഉയിർത്തെഴുന്നേറ്റ യേശുവിൽ പൂർത്തീകരിക്കപ്പെട്ടതായി അവർ കാണുന്നു. ഉയിർപ്പിന്റെ സദ്വാർത്ത ആദ്യമായി അറിയുവാൻ ഭാഗ്യം സിദ്ധിച്ചത് സ്ത്രീകൾക്കാണ് (വി. ലൂക്കോസ് 24:1-12). ഉയിർപ്പ് ഞായറാഴ്ചയുടെ ശുശ്രൂഷയിൽ കാർമ്മികൻ ഉയിർപ്പിന്റെ പ്രഖ്യാപനം നടത്തുമ്പോൾ വിശ്വാസികൾ പ്രതിവാക്യമായിട്ടു പറയുന്നത് "അവൻ ഉയിർത്തെഴുന്നേറ്റു എന്നു സത്യമായി ഞങ്ങൾ വിശ്വസിക്കുന്നു." ഈ ഉറപ്പ് നമുക്ക് യഥാർത്ഥമായിട്ടുണ്ടോ? ശിഷ്യന്മാർക്കും യേശുവിന്റെ ഉയിർപ്പിനെക്കുറിച്ച് ചില അവ്യക്തതകൾ ഉണ്ടായിരുന്നു. വി. വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ യേശു സത്യമായി ഉയിർത്തെഴുന്നേറ്റു എന്നതിന് അടിസ്ഥാനമായി മൂന്നു കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും.

ഒന്ന്, ശൂന്യമായ കല്ലറ; മഗ്ദലക്കാരത്തി മറിയയും മറ്റു സ്ത്രീകളും ഞായറാഴ്ച അതിരാവിലെ കല്ലറയ്ക്കൽ എത്തിയപ്പോൾ കല്ലറയുടെ വാതിൽക്കൽ ഉണ്ടായിരുന്ന വലിയ കല്ല് ആരോ മാറ്റിയിരിക്കുന്നു. കല്ലറയുടെ ഉള്ളിൽ പ്രവേശിച്ചപ്പോൾ യേശുവിനെ കാണുന്നില്ല. പകരം യേശുവിനെ പൊതിഞ്ഞ വസ്ത്രങ്ങൾ ഭദ്രമായിതന്നെ അവിടെ ഇരിക്കുന്നു. അതിനാൽ യേശുവിന്റെ ശരീരം ആരും എടുത്തുകൊണ്ട് പോയതല്ല എന്നു നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. രണ്ട്, ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യമായി പ്രത്യക്ഷപ്പെട്ടത് മഗ്ദലക്കാരി മറിയത്തിനായിരുന്നു. ശാബതു ദിവസം നിയമാനുസൃതമായി വിശ്രമിച്ച സ്ത്രീകൾ ഞായറാഴ്ച അതിരാവിലെ സുഗന്ധതൈലവുമായി കല്ലറയ്ക്കലേക്കു പോകുന്നു. അവർ കല്ലറക്കൽ ചെന്നപ്പോൾ യേശു ഉയിർത്തു എന്നതിന്റെ രണ്ട് അടയാളങ്ങൾ കണ്ടു. ഒന്ന്, കല്ലറയുടെ വാതിൽക്കൽ നിന്ന് കല്ല് ഉരുട്ടിമാറ്റിവച്ചിരിക്കുന്നു. രണ്ട്, കല്ലറക്കകത്തു കടന്നപ്പോൾ അതിൽ യേശുവിന്റെ ശരീരം കണ്ടില്ല. രണ്ട് അടയാളങ്ങളുടെയും സൂചന യേശു ഉയിർത്ത് എഴുന്നേറ്റു എന്നത് അവർക്ക് അറിയില്ലായിരുന്നു. ഇങ്ങനെ എന്തു സംഭവിച്ചു എന്നറിയാതെ അമ്പരന്നു നിൽക്കുമ്പോൾ തിളങ്ങുന്ന വസ്ത്രം ധരിച്ച് രണ്ടു പേർ അവർക്കു പ്രത്യക്ഷപ്പെട്ടു. അവരെ കണ്ട് സ്ത്രീകൾ ഭയപ്പെട്ട് മുഖം കുനിച്ചു. അപ്പോൾ മാലാഖമാർ യേശു ഉയിർപ്പിക്കപ്പെട്ടു എന്നും അവൻ ജീവിക്കുന്നു എന്നും ജീവിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കരുത് എന്നും ഉള്ള സദ്വാർത്ത നൽകി. സ്ത്രീകൾ ഉടനെ പോയി പതിനൊന്ന് അപ്പോസ്തലന്മാരെയും ഉയിർപ്പിന്റെ വാർത്ത അറിയിച്ചു.

എന്നാൽ ശിഷ്യന്മാർ സ്ത്രീകളുടെ വാക്കുകൾ വിശ്വസിക്കുന്നില്ല. പത്രോസ് എഴുന്നേറ്റ് കല്ലറയിലേക്ക് പോയി. പത്രോസും സ്ത്രീകൾ കണ്ടതുപോലെ ശൂന്യമായ കല്ലറയും കല്ലറയിൽ കിടക്കുന്ന യേശുവിനെ പൊതിഞ്ഞ തുണിയും കാണുന്നു. ഇവിടെ യേശു ഉയിർത്തു എന്നത് ഒരു കെട്ടുകഥ മാത്രമായിരുന്നു എങ്കിൽ ഈ കഥ നിർമ്മിക്കുമ്പോൾ അവർ തീർച്ചയായും താൻ ഏറ്റവും സ്നേഹിച്ച യോഹന്നാനോ, അല്ലെങ്കിൽ ശിഷ്യഗണത്തിലെ ഏറ്റവും പ്രായം കൂടിയ പത്രോസിനോ യേശു പ്രത്യക്ഷപ്പെട്ടു എന്ന് കഥ ഉണ്ടാക്കുമായിരുന്നു. കാരണം ആ കാലഘട്ടം പുരുഷമേധാവിത്വം ഉള്ള ഒരു കാലമായിരുന്നു. സ്ത്രീകൾക്ക് യഹൂദ സംസ്കാരത്തിൽ സമൂഹത്തിൽ യാതൊരു സ്ഥാനവും ഇല്ലാത്ത കാലഘട്ടമായിരുന്നു. അപ്പോൾ ഇങ്ങനെ ഉള്ള ഒരു സാമൂഹ്യ സാഹചര്യത്തിൽ സ്ത്രീകൾക്ക് തന്നെ കർത്താവ് ആദ്യമായി പ്രത്യക്ഷപ്പെട്ടു എന്നു പറയുമ്പോൾ തീർച്ചയായും ഇതു വാസ്തവമായ ഒരു കാര്യമാണെന്ന് നമുക്ക് വിശ്വസിക്കുവാൻ സാധിക്കും.



മൂന്നാമതായി, യേശു ഉയിർത്തെഴുന്നേറ്റു എന്ന വിവരം കാവൽക്കാർ മനസ്സിലാക്കിയപ്പോൾ ഈ സംഭവത്തെക്കുറിച്ച് യഹൂദമതനേതാക്കളെ അറിയിച്ചപ്പോൾ അവർ കാവൽക്കാരോടു പറഞ്ഞത് നിങ്ങളോട് ആരെങ്കിലും ഇതിനെക്കുറിച്ച് ചോദിച്ചാൽ ഞങ്ങൾ രാത്രിയിൽ ഉറങ്ങുന്ന സമയം അവന്റെ ശിഷ്യന്മാർ വന്ന് ശരീരം മോഷ്ടിച്ചുകൊണ്ടുപോയി എന്ന് പറയണം എന്നു പറഞ്ഞു. അവർക്ക് ദ്രവ്യം കൊടുക്കുന്നു. അപ്പോൾ കൈകൂലി കൊടുത്ത് ഒരു കഥ കാവൽക്കാരെക്കൊണ്ടു പറയിപ്പിക്കണമെങ്കിൽ അതിൽ തീർച്ചയായും വാസ്തവം ഉള്ളതുകൊണ്ടല്ലേ. യേശുവിന്റെ ശിഷ്യന്മാർക്കും യേശുവിന്റെ ഉയിർപ്പിനെക്കുറിച്ചു സംശയമായി. അങ്ങനെ സ്ത്രീകളും അപ്പോസ്തലന്മാരും മറ്റെല്ലാവരും യേശുവിന്റെ ഉയിർപ്പ് വിശ്വസിക്കാതിരുന്ന സാഹചര്യത്തിലാണ് ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യർക്ക് പല പ്രാവശ്യം പ്രത്യക്ഷപ്പെട്ടത്. അങ്ങനെ ശിഷ്യന്മാരെ വിശ്വാസത്തിൽ ഉറപ്പിക്കാനായി യേശു പല അവസരത്തിൽ വിവിധ സ്ഥലങ്ങളിൽ വച്ച് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നു. യെരുശലേമിൽ നിന്ന് എമ്മവൂസിലേക്ക് രണ്ടു ശിഷ്യന്മാർ യാത്രചെയ്ത സമയത്ത് യാത്രാ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്നു. മീൻ പിടിക്കുവാനായി പോയ ശിഷ്യർക്ക് കടൽതീരത്തുവച്ചു പ്രത്യക്ഷമാകുന്നു.

### ക്രിസ്തുവിന്റെ സമാധാന ആശംസ:

ഇന്നു നാം വായിക്കുന്ന ഏവൻഗേലിയോൻ ഭാഗം വി. യോഹന്നാൻ 20-ാം അദ്ധ്യായം 19 മുതൽ 29 വരെയുള്ള വേദഭാഗങ്ങളാണ്. ഈ സംഭവം വി. മർക്കോസും (16:14) വി. ലൂക്കോസും (24:36-43) വിവരിക്കുന്നുണ്ടെങ്കിലും ഈ സുവിശേഷത്തിൽ കൂടുതലായ ചില വിശദീകരണങ്ങൾ നൽകിയിരിക്കുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ഞായറാഴ്ച ശിഷ്യന്മാർ ഇരുന്ന സ്ഥലത്തു യഹൂദന്മാരെ പേടിച്ചു വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ

നിന്ന് "നിങ്ങൾക്ക് സമാധാനം" എന്നു അവരോടു പറഞ്ഞു. തന്റെ കയ്യും വിലാപ്പുറവും അവരെ കാണിച്ചു. കർത്താവിനെ കണ്ടതിൽ ശിഷ്യന്മാർ സന്തോഷിച്ചു. ക്രിസ്തുവിന്റെ മരണത്തോടെ ആകെ അങ്കലാപ്പിലായ ശിഷ്യന്മാർ താൻ മൂന്നാംനാൾ ഉയിർക്കും എന്ന് നേരത്തെ പറഞ്ഞിരുന്നു എങ്കിലും അവർ അന്ന് അതിന്റെ അർത്ഥം മനസ്സിലാക്കുവാൻ സാധിച്ചില്ല. അങ്ങനെ ആകെ അസ്വസ്ഥരായി കഴിഞ്ഞ ശിഷ്യന്മാരുടെ ഇടയിലേക്ക് ക്രിസ്തു കടന്നുവന്ന് അവർക്ക് സമാധാനം ആശംസിക്കുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ അവരുടെ ഭയവും ആകുലതയും എല്ലാം മാറുകയും ദൈവീക സമാധാനത്തിന്റെ അനുഭവത്തിലേക്ക് അവർ കടന്നുവരുന്നു.

നമ്മുടെയും അനുദിന ജീവിതത്തിൽ പല തരത്തിലുള്ള പ്രശ്നങ്ങളിലൂടെ ഒക്കെ നാം കടന്നു പോകുമ്പോൾ അവിടെ ഒക്കെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആശ്വാസവാക്ക് നമുക്ക് പ്രചോദനമായിരിക്കണം. അവനെ നമുക്ക് നമ്മുടെ അനുദിനജീവിതത്തിൽ അനുഭവവേദ്യമാക്കിതീർക്കുവാൻ കഴിയുന്നത് വി. കുർബ്ബാന അനുഭവത്തിലൂടെ മാത്രമാണ്. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനിൽ ഞാൻ അവനിലും അവൻ എന്നിലും വസിക്കും. വിശുദ്ധ കൂദാശ അനുഷ്ഠാനത്തിലൂടെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമുക്ക് അനുഭവിക്കുവാൻ സാധിക്കണം.

### പാപമോചന അധികാരം ലഭിക്കുന്നു

ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു അവരെ ധൈര്യപ്പെടുത്തി തന്റെ കയ്യും വിലാപ്പുറവും അവരെ കാണിച്ചു. യേശുതമ്പുരാൻ അവരോട് പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു അവരുടെ മേൽ ഊതി. പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു എന്ന് പറഞ്ഞ് തന്റെ ശിഷ്യന്മാർക്ക് പാപമോചന അധികാരം നൽകുന്നു. ഏദൻതോട്ടത്തിൽ വച്ച് ആദിയിൽ ദൈവം മനുഷ്യനെ നിർമ്മിച്ച് അവന്റെ മൂക്കിൽ ജീവശ്വാസം ഊതുന്നു. അതേപോലെ തന്നെ യേശുവും ശിഷ്യന്മാരിൽ ഊതി അവർക്ക് പരിശുദ്ധറൂഹായെ നൽകി സകല മോചനഅധികാരവും അവർക്കു നൽകുന്നു. ഇതുതന്നെയാണ് പട്ടംകൊട ശുശ്രൂഷയിലും മേൽപ്പട്ടക്കാരൻ സ്ഥാനാർത്ഥിയുടെ മേൽ ഊതി പാപമോചന അധികാരം നൽകുന്നു. ശിഷ്യന്മാരിലൂടെ ലഭിച്ച ആ അധികാരം ആണ് പട്ടത്വനൽവരം ആണ് ഇന്നും സഭയിലൂടെ വ്യാപരിക്കുന്നത്.

### എന്റെ കർത്താവും എന്റെ ദൈവവുമേ

യേശുക്രിസ്തു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടി ഉണ്ടായിരുന്നില്ല. മറ്റു ശിഷ്യന്മാർ അവനോടു ഞങ്ങൾ കർത്താവിനെ കണ്ടു എന്നു പറഞ്ഞാറെ തോമസ് അവരോട് "ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല എന്നു അവൻ അവരോടു പറഞ്ഞു. പിന്നീട് എട്ടുദിവസം കഴിഞ്ഞിട്ട് തോമസും ഉണ്ടായിരുന്നപ്പോൾ കർത്താവ് ശിഷ്യന്മാർക്ക് വീണ്ടും പ്രത്യക്ഷപ്പെടുന്നു. കർത്താവ് തോമസിനോട് "നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺക. നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്തു ഇടുക. അവിശ്വാസി ആകാതെ വിശ്വാസിയായിരിക്ക. തോമസ് കർത്താവിനോട് "എന്റെ കർത്താവും ദൈവവുമേ" എന്നു ഉത്തരം പറഞ്ഞു.

ഇവിടെ തോമസ് വലിയ ഒരു വിശ്വാസ പ്രഖ്യാപനം നടത്തുകയാണ്. യേശുക്രിസ്തു കർത്താവും ദൈവവും ആണ് എന്ന്. അത് തോമാശ്ലീഹയ്ക്ക് വ്യക്തതയും ഉറപ്പും കിട്ടിയത് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ സ്പർശിച്ചപ്പോഴാണ്. നീ കൈനീട്ടി എന്റെ വിലാപുറത്തു വച്ചു നോക്കുക എന്ന കർത്താവിന്റെ ഈ ക്ഷണം തോമാശ്ലീഹാ പ്രായോഗികമാക്കിയോ എന്ന് സുവിശേഷകന്മാർ പറയുന്നില്ല. എങ്കിലും ഈ അവസരത്തിൽ മാർതോമാശ്ലീഹാ കർത്താവിന്റെ ക്ഷണപ്രകാരം അവിടുത്തെ തിരുവിലാവിനെ സ്പർശിക്കുക തന്നെ ചെയ്തതായി സഭ പാരമ്പര്യമായി വിശ്വസിച്ചുപോരുന്നു. തൽസംബന്ധമായ ഒരൈതിഹ്യം ഇവിടെ സ്മരണീയമാണ്. തോമാശ്ലീഹായുടെ വലതുകൈയ്യിലെ രണ്ടു വിരലുകൾ ഒരുമിച്ചു ചേർന്നു പെട്ടതായിരുന്നു. അദ്ദേഹത്തിന്റെ ഇരട്ട എന്ന പേരു വരുവാനുള്ള കാരണം ഇതായിരുന്നു. കർത്താവിന്റെ വിലാവിനെ സ്പർശിച്ച ഈ സന്ദർഭത്തിൽ പ്രസ്തുത വിരലുകൾ അത്ഭുതകരമായി വേർപെട്ടു.

നമ്മെ വിശ്വാസത്തിൽ ജനിപ്പിച്ച പരിശുദ്ധ മാർതോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമുക്ക് ഏറ്റുപറഞ്ഞ് അവനിൽ അടിയുറച്ചു വിശ്വസിക്കാം. പല ക്രിസ്തീയ സഭകളും മാർതോമാ ശ്ലീഹായ്ക്കു പട്ടത്വം ഇല്ല എന്ന് ഒക്കെ പറഞ്ഞിരുന്നു എങ്കിലും ഇന്ന് എല്ലാവരും മാർതോമ്മാശ്ലീഹായുടെ പട്ടത്വത്തെ അംഗീകരിക്കുന്നവരായി മാറിക്കൊണ്ടിരിക്കുന്നു. വി. മാർതോമാശ്ലീഹാ കൈമാറിതന്ന വിശ്വാസത്തെ കണ്ണിലെ കൃഷ്ണമണിപോലെ പരിപാലിക്കാൻ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത നമ്മെ സഹായിക്കട്ടെ!

❑



## ഈസ്റ്റർ ആഘോഷം ആദിവാസി മക്കളോടൊപ്പം

ഇന്ന് ക്രൈസ്തവ വർക്ക് പുണ്യ ദിനമായ ഈസ്റ്റർ ആയിരുന്നല്ലോ. രാത്രിയിലെ നീണ്ട ആരാധനയ്ക്ക് ശേഷം രാവിലെ മുതൽ ഈസ്റ്റർ ആഘോഷത്തിന്റെ ഒരുക്കത്തിൽ ആയിരുന്നു. ആശ്രമത്തിൽ താമസിച്ചു പഠിക്കുന്ന കുഞ്ഞുങ്ങൾ ഉച്ച ഭക്ഷണം കഴിച്ചു സമ്മർ വെക്കേഷന് വേണ്ടി ഇന്ന് ഊരുകളിലേക്ക് മടങ്ങുക ആയിരുന്നു. ക്രിസ്മസ് വെക്കേഷന് കുട്ടികൾ ഊരുകളിലേക്ക് പോയപ്പോൾ സമ്മാനമായി ക്രിസ്മസ് കേക്ക് കൊടുത്തയച്ചിരുന്നു. ഓരോ ക്രിസ്മസിനും അപ്രകാരം ചെയ്യുന്ന ഒരു പതിവുണ്ട്. ഈ വർഷം ഈസ്റ്റർ കഴിഞ്ഞു കുഞ്ഞു മക്കൾ ഊരുകളിലേക്ക് പോകുമ്പോൾ ഒരു ചെറിയ സമ്മാനം എങ്കിലും കൊടുത്തുവിടണം എന്ന് ആഗ്രഹിച്ചു. അതു എന്തു വേണം എന്നതു ആയിരുന്നു അടുത്ത ചിന്ത. അങ്ങനെ പ്രാർത്ഥനയിൽ മനസ്സിൽ ഉദിച്ച ഒരു ചിന്ത ആയിരുന്നു ഈസ്റ്റർ ദിനത്തിൽ കുട്ടികൾ ഊരുകളിൽ എത്തുമ്പോൾ പ്രിയപ്പെട്ട കുടുംബ അംഗങ്ങൾക്ക് ഒരു നേരത്തെ ഭക്ഷണം കൊടുത്തു വിടുക എന്നത്. കുഞ്ഞുങ്ങൾക്ക് ചിക്കൻ ബിരിയാണി കൂടുതൽ ഇഷ്ട്ട ഭക്ഷണം ആയതിനാൽ അതു തന്നെ വീടുകളിലേക്കും കൊടുത്തു വിടാം എന്നു മനസ്സിൽ ചിന്തിച്ചു.

കുട്ടികൾക്ക് വേണ്ടി ഈസ്റ്റർ ഉച്ച ഭക്ഷണം ആയി ബിരിയാണി ഉണ്ടാക്കിയപ്പോൾ ഒരു 250 പേർക്ക് കൂടി കൂടുതൽ ഉണ്ടാക്കി. കുഞ്ഞു മക്കൾ ഉച്ച ഭക്ഷണം കഴിച്ചു ഊരുകളിലേക്ക് പോകുമ്പോൾ ഓരോ കുട്ടിയുടെയും വീടുകളിലെ അംഗ സംഖ്യ കാണക്കാക്കി ചിക്കൻ ബിരിയാണി പൊതികൾ കുട്ടികളുടെ പക്കൽ ഈസ്റ്റർ സമ്മാനമായി കൊടുത്തു വിട്ടു.


അതിലുപരി രണ്ടു ഊരുകളിലെ 65 കുടുംബങ്ങളിലെ 190 പേർക്കും ബിരിയാണി പൊതി എത്തിച്ചു കൊടുക്കാൻ കഴിഞ്ഞു. ഈസ്റ്റർ ദിനത്തിൽ വഴിയോരങ്ങളിൽ ഭക്ഷണം കഴിക്കാതെ മാനസിക രോഗികളായി അലഞ്ഞു തിരിഞ്ഞു നടക്കുന്നവർക്കും ഭക്ഷണം കൊണ്ടുപോയി കൊടുക്കാൻ കഴിഞ്ഞു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷാജു പെട്ടിക്കൽ, ജോസഫ് ആന്റണി മാസ്റ്റർ, സുനിൽ, സച്ചു എന്നിവർ ഈ മഹത്തായ അന്ന ദാന വിതരണത്തിൽ പങ്കെടുത്തു.

**– എം. ഡി. യൂഹാനോൻ റമ്പാൻ**

Church Calendar

# "See and Believe the Marks in Closed Doors"

## (The New Sunday; The Sunday of Thomas' Faith declaration) John 20:19-29



Fr. Geevarghese Thomas

The Sunday after the Easter is called New Sunday. It is because, with the resurrection of Jesus on Sunday, it became the most important day for the believers and till then who observed Sabbath (seventh day) as the Sacred Day and gathered for worship, began to worship as Christians on Sunday - the Lord's Day. The Gospel portion of this Sunday is significant in many ways. We read this portion on the Holy Ordination Service. We also see the declaration of Thomas' Faith, exclaiming Jesus as Lord and God at the same time for the very first time in the human history.

**Reflections**

**1. "Closed doors" as a comfort zone, or fear zone, or a witness zone?**

The Scripture says the disciples were in a room with doors closed, because of the fear of Jews. But the power of Jesus' Resurrection, infringe the closed doors and offers them Peace! He then showed His hands and side to the disciples. And they were freed from the clutches of fear zone and believed in Him. What is then "seeing" the hands and side of the Resurrected Jesus imply? It is not mere a regular sight. It is indeed a revival and reassurance of the discipleship which demands listening the voice of the Shepherd, being convicted of the Messianic prophesies in Him and being obedient to all His commands. Whole of their discipleship economy is revived and reassured through Christ's victorious marks of passion. Mere "seeing" this, they were able to witness the transformation of "fear zone" into a sanctuary of Holy Ordination! This Ordination (receiving Holy Spirit as God's breathe) is the gift and the potential of perfection in discipleship. All faithful receive this primarily through the Holy Baptism. The nature of ordained life is to demolish the fear zones/comfort zones and walk a Christian life to become a Gospel in the modern trends of indifferences.

What are the closed door experiences in our lives today? Today, this 'closed door' generally points to a negative experience in pain, or else a comfort seeking experience. In either case, we neglect the seal and the breathe of Christ we received primarily (Holy Baptism). Instead, when the "closed door" becomes a chamber of solitary prayer (Matthew 6:6), when we meditate the "marks" of our Lord, we are rejuvenated and reassured with the hope, faith, and love of Christian discipleship. Every "closed door" situation can be made a witness zone, if only we remind ourselves "to see" the victorious marks of our Lord's passion and revitalize the mandates of discipleship.

**2. Doubts making us disoriented versus the Doubts making us determined.**

Thomas (Didymus) has been very peculiar among the disciples. He was the only one who said - "Let us also go, that we may die with him" (John 11:16). He was at the summit of Christ's teachings - to lay down one's life (John 15:13). But when the disciples told him that they saw the Lord, he was certainly caught up in doubt. But this doubt was not something that challenged his notion and witnesses of the oracles of his master. Rather it was the quest to know the Resurrected Lord and be more zealously his "friend cum disciple." He is doubting with a desire to see the "marks" on his resurrected Lord. Jesus rather asks him to stop doubting and believe. Perhaps, it was a call not to accuse Thomas of his doubt in Lord, but to highlight the gravity of believing instantly in the appeared Risen Lord! Because, Christ's Resurrection was a promise, and is a potential to every mankind! There isn't any scope of challenge to this truth, or even the act of testifying it with physical eyes is negligible before truly believing in Christ's Resurrection!




The quest of "knowing" is the nature of human life. We get to know about things, places, people and situations. But sometimes this quest of knowing comes with certain doubts which affect us. There might come moments in our life, where we doubt ourselves, our loved ones and even our God, which if uncontrolled, ultimately will lead us to disoriented self. The seed of this "doubt" can be found in the early episodes of Paradise, where it was directed by the freewill (Adam and Eve deceived by Serpent) in contrary to God's will. Whereas, we see a "submissive doubt" here in Thomas' desire of seeing his Lord. This submissive doubt was also seen during the annunciation to Mary. The innocent response - "How can this be, since I do not know a man?" was a submissive doubt which did not make her to give up on God, rather to speak ahead - "Here am I, the servant of the Lord; let it be with me according to your word." This submissive doubt pave us a way to be determined of Lord's works and wonders.

**Conclusion**

The Resurrection of Lord Jesus is a power that can infringe into the worst of our closed door experiences. But we need to remind us constantly the victorious marks of His passion and be revived in our onward journey of Christian discipleship. Also, this journey unfolds certain doubting moments in our lives. But we must discern whether these doubts are leading us to disoriented self or are they strengthening us to submit ourselves with faith adoring the mystery and be more determined of the grace of Risen Lord in our humble lives. May God bless us.

◆



വിഷു ആഘോഷങ്ങളുടെ ഭാഗമായി കോട്ടയത്ത് ബിജെപി നേതാവ് എൻ. ഹരിയുടെ (റബർ ബോർഡ് അംഗം, ബിജെപി മദ്ധ്യമേഖലാ പ്രസിഡണ്ട്) വീട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് സദ്യ കഴിക്കുന്നു. കേന്ദ്ര റബർ ബോർഡ് ചെയർമാൻ സവാർ ദനാനിയയും റബർ ബോർഡ് അംഗങ്ങളും സമീപം.



ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ഡോ. യാക്കൂബ് മാർ ഐറേനിയോസ് ഉയിർപ്പു പെരുന്നാൾ ശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു. ഇടവക വികാരി ഫാ. ബിനീഷ് ബാബു, സഹവികാരി ഫാ. ജാക്സൺ എം. ജോൺ, ഫാ. ഈശോ ഫിലിപ്പ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.



കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് വിവിധ പള്ളികളിൽ നടക്കുന്ന ഒവിബിഎസ് ക്ലാസ്സുകൾ സന്ദർശിച്ചു. മീനടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ കുട്ടികളൊപ്പം മെത്രാപ്പോലീത്താ.



കേരള വിദ്യാർത്ഥി യൂണിയൻ (കെഎസ്‌യു) സംസ്ഥാന ജനറൽ സെക്രട്ടറിയായി പത്തനംതിട്ട ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നിതിൻ മണക്കാട്ടുമണ്ണിൽ. സഭാ മാനേജിംഗ് കമ്മിറ്റിയംഗമാണ്.




ഓർത്തഡോക്സ് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് സീനിയർ ഫ്രണ്ട്സ് സൗഹൃദ സംഗമം പരുമലയിൽ നടന്നു. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. പ്രസ്ഥാനം പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. എം. ഡി. യൂഹാനോൻ റമ്പാൻ (അട്ടപ്പാടി ആശ്രമം) ക്ലാസ്സ് നയിച്ചു. പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പാൻ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോ. സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ ആശംസകൾ നേർന്നു.



ദേവലോകം അരമന ചാപ്പലിലെ ഒ.വി.ബി.എസ്. വിദ്യാർത്ഥികളും അദ്ധ്യാപകരും പ. കാതോലിക്കാ ബാവായോടൊപ്പം.




കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരിയിൽ 1979–1983 കാലഘട്ടത്തിൽ ഒന്നിച്ചു പഠിച്ച വൈദികരുടെ സംഗമം പരുമല സെമിനാരിയിൽ വെച്ച് നടന്നു. 40 വർഷങ്ങൾക്ക് ശേഷം ആദ്യമായി ഒന്നിച്ചു കൂടിയ സംഗമം എന്ന പ്രത്യേകതയും ഇതിനുണ്ട്.





പരിശുദ്ധ പാമ്പാടി തിരുമേനിയുടെ പെരുന്നാൾ പ്രദക്ഷിണം.

## ഫാ. ഡോ. ജോർജി ജോസഫിന് ഭാരത സർക്കാരിന്റെ അംഗീകാരം



അടൂർ: ക്രിസ്തീയ ചിന്തകളുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയ ധ്യാനക്രിയയ്ക്ക് ഫാ. ഡോ. ജോർജി ജോസഫിന് (പീടികയിൽ, അടൂർ) ഭാരത സർക്കാരിന്റെ അംഗീകാരം (CR) ലഭിച്ചു. പരിശുദ്ധാത്മ ധ്യാനത്തെ (Holy Spirit Meditation: Practices and Methods) പ്രത്യേക രീതിയിൽ ചിട്ടപ്പെടുത്തിയതിനാണ് അംഗീകാരം ലഭിച്ചത്.

അറിയപ്പെടുന്ന പ്രഭാഷകനും, മനഃശാസ്ത്ര ചികിത്സകനും, ചിത്രകാരനും, എഴുത്തുകാരനും, സെമിനാരി അധ്യാപകനുമാണ്. ഭാര്യ: റെനി. രുബൻസ്, രൂഫസ് എന്നിവർ മക്കളാണ്.




## മലങ്കരസഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ

### (പരിഷ്ക്കരിച്ച രണ്ടാം പതിപ്പ്)

### ഡെറിൻ രാജു

പ്രായോഗികതലത്തിൽ മലങ്കരസഭാ ഭരണഘടനയെക്കുറിച്ച് ഉണ്ടായേക്കാവുന്ന നിരവധി സംശയങ്ങൾക്ക് ഉത്തരങ്ങൾ ഉൾപ്പെടെ ശ്രദ്ധേയമായ പല കൂട്ടിച്ചേർക്കലുകൾ പുതിയ പതിപ്പിലുണ്ട്. സഭാഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് ഇടവകഭരണം എങ്ങനെ നിർവഹിക്കാം എന്ന ചെങ്ങന്നൂരിൻറെ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ശ്രദ്ധേയമായ കൈപ്പുസ്തകം, സഭാചരിത്രകാരനായ ഡോ. എം. കുര്യൻ തോമസ്, സഭാചരിത്ര ഗവേഷകനും സഭാഭരണഘടനാ പഠിതാവുമായ വർഗീസ് ജോൺ തോട്ടപ്പുഴ എന്നിവരുടെ സുപ്രധാന ലേഖനങ്ങൾ എന്നിവ അനുബന്ധത്തിൽ.

**450 പേജുകൾ, വില: 350 രൂപ**

**പ്രീ പബ്ലിക്കേഷൻ വില: 300 രൂപ (2023 ഏപ്രിൽ 15 വരെ)**

രജിസ്റ്റേർഡ് തപാലിൽ പുസ്തകം വീട്ടിൽ ലഭിക്കുവാൻ ബന്ധപ്പെടുക.

**Joice Thottackad, Sophia Books, Kottayam 686001**
**Mobile/WhatsApp 7012270083**




**ചെങ്ങന്നൂർ മെത്രാസനത്തിലെ ഇടവക ഭരണസമിതി അംഗങ്ങൾക്കായി മെത്രാസനതലത്തിൽ Church Accounting നെപ്പറ്റി ക്ലാസ്സ് നടന്നു. പി. കെ. രാജു (ചാർട്ടേഡ് അക്കൗണ്ടന്റ്), വി. ജി. ഷാജി (ടാക്സ് പ്രാക്റ്റീഷനർ) എന്നിവർ ക്ലാസ് നയിച്ചു.**

## കേരള ഹൈക്കോടതി ആറു പള്ളികൾക്ക് പോലീസ് പ്രൊട്ടക്ഷൻ അനുവദിച്ചു

**സഭാക്കേസിൽ യാക്കോബായ പക്ഷം പിടിച്ച സംസ്ഥാന സർക്കാരിന് ഹൈക്കോടതിയിൽ തിരിച്ചടി. രണ്ട് മാസത്തിനുള്ളിൽ ആറ് പള്ളികളിൽ ഉത്തരവ് നടപ്പാക്കണമെന്ന് നിർദ്ദേശം.**

കൊച്ചി: മലങ്കര സഭാതർക്കത്തിൽ നിയമ നിർമ്മാണത്തിലൂടെ വിധി മറികടക്കാൻ ശ്രമിക്കുന്ന സംസ്ഥാന സർക്കാരിന്റെ നീക്കങ്ങളെ പരോക്ഷമായി തള്ളി ഹൈക്കോടതി ഇടപെടൽ. 1958, 1995 സുപ്രീംകോടതി വിധികൾക്ക് പുറമെ 2017 സഭാക്കേസ് വിധി ആറ് പള്ളികൾക്കും ബാധകമെന്ന് കേരള ഹൈക്കോടതി. യാക്കോബായ പക്ഷത്തിന്റെ ഗുണ്ടാ വിളയാട്ടത്തിനെതിരെ ഓർത്തഡോക്സ് സഭയാണ് പോലീസ് സംരക്ഷണം തേടി ഹൈക്കോടതിയെ സമീപിച്ചത്.

അങ്കമാലി ഭദ്രാസനത്തിലെ ഓടക്കാലി സെന്റ് മേരീസ് പള്ളി, മഴുവന്നൂർ സെന്റ് തോമസ്, പുളിന്താനം സെന്റ് ജോൺസ്, കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ ആട്ടിൻകുന്ന് സെന്റ് മേരീസ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ കാരിക്കോട് സെന്റ് മേരീസ്, കൊല്ലം ഭദ്രാസനത്തിലെ മുഖത്തല സെന്റ് മേരീസ് എന്നീ പള്ളികൾക്കാണ് പോലീസ് സംരക്ഷണം അനുവദിച്ചത്.

നിലവിൽ ആട്ടിൻകുന്ന്, കാരിക്കോട് പള്ളികളിൽ വിധി പൂർണ്ണമായും നടപ്പാക്കിയെങ്കിലും പ്രശ്നങ്ങൾ നിലനിൽക്കുകയാണ്.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

**– പ. പരുമല തിരുമേനി**

## സാന്ദ്ര മരിയ സാജന് ഈസ്റ്റ്ബയോ സ്കോളർഷിപ്



കോട്ടയം ● ഹൈദരാബാദ് ബിറ്റ്സ് പിലാനി വിദ്യാർഥിനി സാന്ദ്ര മരിയ സാജന് സ്കോട്ലൻഡിലെ 'ഈസ്റ്റ് ബയോ' റിസർച് സ്കോളർഷിപ് (ഒരു കോടി രൂപ). ന്യൂറോ സയൻസിൽ ഗവേഷണത്തിനാണു സ്കോളർഷിപ്. പാമ്പാടി എംജിഎം എച്ച്എസ് എസ് അധ്യാപകൻ സൗത്ത് പാമ്പാടി ചിറക്കൽ തോട്ടത്തിൽ സാജൻ സാമുവലിന്റെയും കുമരകം എസ്കെഎം എച്ച്എസ്എസ് അധ്യാപിക മഞ്ജുഷ മർക്കോസിന്റെയും മകളാണ്.